





ഡോ. സൂസൻ കോരുത്
PhD,MSc,MSW,MBA
http://www.drsusankoruthu.com



# വിവാഹം അന്നും ഇന്നും




വിവാഹം എന്നതിന്റെ ശരിയായ നിർവ്വചനമെന്താണെന്നു നമുക്കൊന്ന് നോക്കാം. ഭാര്യാഭർത്താക്കന്മാർ എന്ന് വിളിക്കപ്പെടുന്ന ആളുകൾ തമ്മിലുള്ള സാംസ്കാരികമായും, നിയമപരമായും അംഗീകരിക്കപ്പെട്ട ഐക്യപ്പെടൽ അഥവാ ഒന്നുചേരലാണ് വിവാഹം. വിവാഹം ദമ്പതികൾക്കിടയിലും അവരുടെ കുട്ടികൾക്കിടയിലും അവരും അവരുടെ മരുമക്കളും തമ്മിലുള്ള അവകാശങ്ങളും കടമകളും സ്ഥാപിക്കുന്നു. പലപ്പോഴും കടമകളും അവകാശങ്ങളും ശരിയായ രീതിയിൽ മനസിലാക്കാതെയാണ് പല ദമ്പതികളും വിവാഹത്തിലേക്കും കുടുംബ ജീവിതത്തിലേക്കും പ്രവേശിക്കുന്നത്. അതുകൊണ്ടു തന്നെ ഇന്നത്തെ ദമ്പതികൾ പല വിധങ്ങളായ പ്രശ്നങ്ങളും അഭിമുഖികരിക്കേണ്ടി വരുന്നതായി കാണാറുണ്ട്. ഏറ്റവും ശോചനീയമായത് സ്നേഹത്തിന്റെ അതിഭാവുകത്വമാണ്. ദമ്പതികളുടെ നിസ്വാർത്ഥ സ്നേഹം, കരുതൽ, ത്യാഗം എന്നീ ഗുണഗണങ്ങൾ വാഴ്ത്തി പാടി വിവാഹജീവിതത്തോട് പലർക്കും ഒരുതരം വീർപ്പുമുട്ടൽ അനുഭവപ്പെട്ടു തുടങ്ങിയിരിക്കുന്നു.

വിവാഹജീവിതത്തെക്കുറിച്ചുള്ള മോട്ടിവേഷണൽ പ്രസംഗങ്ങളും, ഉപദേശങ്ങളും, പുസ്തകങ്ങളുമെല്ലാം വികാരത്തിനാണ് വിവേകത്തേക്കാളുപരി ഊന്നൽ കൊടുത്തിരിക്കുന്നത്. ഏതുകാര്യവും വിവേകപരമായി കൈകാര്യം ചെയ്തില്ലെങ്കിൽ ഗുണത്തേക്കാളേറെ ദോഷമായി ഭവിക്കും. പഴയകാല രീതിയനുസരിച്ചുള്ള വിവാഹജീവിതവും കുടുംബജീവിതവും പരിശോധിക്കുകയാണെങ്കിൽ, ബഹുഭൂരിപക്ഷം കുടുംബങ്ങളിലും പുരുഷൻ പണം അല്ലെങ്കിൽ സമ്പത്തു കൊണ്ടുവരുന്നയാളും, സ്ത്രീ കുടുംബകാര്യങ്ങൾ നോക്കുന്നയാളുമായിരുന്നു. പഴയകാലങ്ങളിൽ ഫാക്ടറികളിലും, പാടത്തും, പറമ്പിലുമൊക്കെ ജോലിചെയ്യാനും, ചെയ്യിപ്പിക്കാനുമൊക്കെ, കായബലവും, മെയ്‌വഴക്കവും അത്യന്താപേക്ഷിതമായിരുന്നു. വരുമാനമാർഗങ്ങളും, വിഭവങ്ങളും പരിമിതം. അതുപോലെതന്നെ യാത്രകളും വഴികളും ദുർഘടങ്ങളുമായിരുന്നു. അടിസ്ഥാനസൗകര്യങ്ങളും വികസനങ്ങളും സുഗമമായ ജീവിതത്തിന് പര്യാപ്തമായിരുന്നില്ല. സ്ത്രീകൾക്ക് പ്രസവം, കുട്ടികളെ വളർത്തുക, ഭർത്താവിന്റെയും വീട്ടുകാരുടെയും കാര്യങ്ങൾ നോക്കുക എന്നീ ജോലികളായിരുന്നു ഉണ്ടായിരുന്നത്. അന്നത്തെ കാലത്തെ ചിട്ടവട്ടങ്ങൾ ഇന്നത്തെ കാലത്തിന് യോജിക്കുന്നവയായിരുന്നില്ല. ജനിച്ച കുടുംബത്തിന് നഷ്ടവും ചെന്ന് കയറുന്ന കുടുംബത്തിന് ലാഭവുമായിട്ടാണ് അന്ന് പെൺകുട്ടികളെ കണ്ടിരുന്നത്. അന്നൊക്കെ പെൺകുട്ടികളെ വിവാഹം കഴിച്ചയപ്പിക്കാനുള്ള വ്യക്തികളായി മാത്രമേ മാതാപിതാക്കൾപോലും കണ്ടിരുന്നുള്ളൂ, ആൺകുട്ടികളാകട്ടെ വീടിനു താങ്ങും തണലുമായി കുടുംബപാരമ്പര്യത്തെ സംരക്ഷിക്കുന്നവരായും കരുതിപ്പോന്നിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അങ്ങിനെയല്ല. കാരണം, ഇന്ന് പണമുണ്ടാക്കാൻ എല്ലുമുറിയെ പണിയേണ്ട പിന്നെയോ ബുദ്ധിപരമായ കഴിവുകൾ മതിയാവും. അതുകൊണ്ടു തന്നെ സ്ത്രീകളും സാമ്പത്തികമായി പുരുഷന്മാരോടൊപ്പമോ അവരെക്കാൾ മുമ്പിലോ ആണ്.

ഇന്നത്തെ മാതാപിതാക്കൾ തങ്ങളുടെ പെൺകുട്ടികളെ അവരുടെ കഴിവുകൾക്കനുസരിച്ചു പഠനവും ജോലിയുമൊക്കെ വിജയകരമായി കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കിയത്തിനു ശേഷമാണ് വിവാഹത്തിലേക്ക് ഒരുക്കുന്നത്. എന്നാൽ ആൺകുട്ടികളെ ഈ മാറ്റം ഉൾക്കൊള്ളാൻ സജ്ജരാക്കുന്നതിൽ ഒട്ടുമിക്ക മാതാപിതാക്കളും ശ്രദ്ധച്ചില്ലായെന്നുവേണം കരുതാൻ. ഇവിടെയാണ് വിവാഹജീവിതത്തിലെ കടമകളുടെ പുനഃക്രമീകരണത്തിൽ പാളിച്ചകൾ സംഭവിച്ചത്. ആൺകുട്ടികൾ തങ്ങളാണ് കുടുംബനായകർ എന്ന് ചിന്തിക്കുമ്പോൾ പെൺകുട്ടികൾ തങ്ങളും തുല്യമായ അവകാശങ്ങളും, അധികാരങ്ങളുമുള്ള പങ്കാളികളാണെന്നു വിശ്വസിക്കുന്നു. കാരണം അവരും കുടുംബത്തിന്റെ സാമ്പത്തിക കെട്ടുറപ്പിനുവേണ്ടി അധ്വാനിക്കുന്നവരാണ്. അവർ ഭർത്താക്കന്മാരുടെ പാരമ്പര്യ ചുമതലയായ സാമ്പത്തിക മേഖലയിൽ സഹായിക്കുന്നതുകൊണ്ടുതന്നെ കുടുംബത്തിലെ മറ്റു ചുമതലകളിൽ ഭർത്താക്കന്മാരുടെ സഹായം ആവശ്യപ്പെടുന്നു. എന്നാൽ പുരുഷന്മാരിൽ പലരും ഒരു കുടുംബത്തിലെ ജോലികൾ ശീലിച്ചിട്ടില്ലാത്തതിനാൽ തങ്ങളുടെ ഭാര്യമാരെ മറ്റു വീട്ടുജോലികളിൽ സഹായിക്കാൻ സാധിക്കാതെ വരുന്നു. അതുപോലെ തന്നെ ഭാര്യയുടെ ശമ്പളം കൈകാര്യം ചെയ്യുന്നതും ഭർത്താക്കന്മാരായിരിക്കും. തങ്ങളുടെ ആവശ്യങ്ങൾക്ക് സ്വന്തമായി അധ്വാനിച്ചുണ്ടാക്കിയ പണം ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം പോലുമില്ലാത്ത അമ്മയെ കണ്ടു വളർന്ന ഇന്നത്തെ തലമുറയിലെ മിക്ക പെൺകുട്ടികളികും ഈ പുരുഷമേൽക്കോയ്മയോട് മനസികമായെങ്കിലും എതിർപ്പ് ഉടലെടുക്കുക സ്വാഭാവികം മാത്രം.

അതുപോലെതന്നെ ഭർത്താവിനു ഭാര്യയുടെ സംരക്ഷകന്റെ റോളാണ് സാമൂഹികമായും കുടുംബപരമായും ഇതുവരെ നല്കിപ്പോന്നിരുന്നത്. എന്നാലിന്ന് സ്ത്രീകൾക്കു സുരക്ഷയൊരുക്കുന്നതിനുള്ള നിയമങ്ങൾ വളരെയാണ്. ജോലിസ്ഥലത്തോ, മറ്റിടങ്ങളിലോ താരതമ്യേന അവൾ സ്വതന്ത്രയും സുരക്ഷിതയുമാണ്. അതുകൊണ്ടു തന്നെ ഭർത്താവിനെ രക്ഷാകർതൃസ്ഥാനത്ത് ഇന്നത്തെ ഭാര്യമാർ കാണുന്നില്ല. ഒരു നല്ല ജീവിതപങ്കാളിയെയാണ് ഇന്നത്തെ പെൺകുട്ടികൾ തേടുന്നത് അല്ലാതെ നായകനെയോ, രക്ഷാധികാരിയെയോ, ഭരിക്കുന്നവനെയോ അവർ ആഗ്രഹിക്കുന്നില്ല. അവർക്കു പരസ്പരം മനസിലാക്കി സഹവർത്തിത്വത്തിൽ ജീവിതം മുമ്പോട്ടു കൊണ്ടുപോകുന്ന തങ്ങളെ അംഗീകരിക്കുകയും, ബഹുമാനിക്കുകയും ചെയ്യുന്ന ഭർത്താവിനെയാണ് വേണ്ടത്.

വിവാഹം നടത്തുന്ന രീതികളും മാറിയിരിക്കുന്നു. അന്ന് പ്രൗഢവും, പ്രാവർത്തികവുമായ രീതിയിൽ നടന്നിരുന്ന വിവാഹങ്ങൾ ഒട്ടു മിക്കവയും ഇന്ന് പ്രദർശനവും, പ്രഹസനവുമായി. ഇന്ന് അവകാശം, ആശയം എന്നിവയെക്കാൾ കൂടുതൽ ആസ്വാദനം, ആഘോഷം എന്നിവയ്ക്കാണ് പ്രാമുഖ്യം നൽകുന്നത്. ആശയങ്ങളുടെ, അവകാശങ്ങളുടെ, കടമകളുടെ ദാരിദ്ര്യം പുതുദമ്പതികൾ അനുഭവിക്കുന്നുതായി കാണുന്നുണ്ട്. അന്ന് കുടുംബങ്ങൾ ഒറ്റക്കെട്ടായി ഒരു പുതു കുടുംബം ആരംഭിക്കുമ്പോൾ കൂടെയുണ്ടായിരുന്നു. വിവാഹമെന്നത് അന്ന് കുടുംബങ്ങളുടെ മേളനമായിരുന്നപ്പോൾ ഇന്നത് രണ്ടു വ്യക്തികളുടെ മേളനമായി ചുരുങ്ങിയിരിക്കുന്നു. ഇന്ന് ആർഭാടമായി വിവാഹം നടത്തിയതിനു ശേഷം അവരായി അവരുടെ പാടായി എന്ന മനോഭാവമാണ് പല മതാപിതാക്കൾക്കും, ഇനി ചിലരാകട്ടെ അമിതമായി ഇടപെട്ട് തങ്ങളുടെ കുട്ടികളുടെ കുടുംബ ജീവിതം താറുമാറാക്കാറുണ്ട്. എന്തൊക്കെയായാലും, എങ്ങിനെയൊക്കെ ആയാലും വിവാഹ രീതികളും, ജീവിത മനോഭാവങ്ങളും, ആസ്വാദന രീതികളും, വ്യക്തിയുടെ ചുമതലാബോധവുമെല്ലാം ഇന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

www.morningnewsdaily.org

ഇന്നത്തെ ഒട്ടുമിക്ക പെൺകുട്ടികളുടെ മാതാപിതാക്കളും തങ്ങളുടെ പെണ്മക്കൾ ഭർത്താക്കന്മാരുടെ ഇഷ്ടത്തിനുവേണ്ടി സ്വന്തജീവിതാഭിലാഷങ്ങളെ ത്യജിച്ചു ജീവിക്കണം എന്നാഗ്രഹിക്കുന്നവരല്ല. മറിച്ച് അവരും ജീവിതത്തിൽ അവരുടേതായ വ്യക്തിമുദ്ര പതിപ്പിക്കണം എന്നാഗ്രഹിക്കുന്നവരാണ്. ഇന്നത്തെ പെൺകുട്ടികൾ ഉയർന്ന വിദ്യാഭ്യാസമുള്ളവരും, ജീവിതാഭിലാഷങ്ങൾ ഉള്ളവരും. സ്വന്തമായി അധ്വാനിച്ചു അഭിനത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നവരുമാണ്. അന്നത്തെ പെൺകുട്ടികൾക്കും ഇപ്രകാരമുള്ള ആഗ്രഹങ്ങൾ ഉണ്ടായിരുന്നിരിക്കാം പക്ഷെ അന്നത്തെ സാമൂഹിക, കുടുംബ പശ്ചാത്തലം അവർക്കു അനുകൂലമായിരുന്നില്ല. ഇന്നതല്ല സ്ഥിതി. ഒരു പെൺകുട്ടിയെയും അവളുടെ സ്വപ്നജീവിതം കെട്ടിപ്പടുക്കുന്നതിൽനിന്നും ആരും തടയാറില്ല. ഭാര്യയും ഭർത്താവും കുടുംബത്തിന്റെ സാമ്പത്തികമായും, ഗാർഹികമായുമുള്ള ചുമതലകൾ നിറവേറ്റി പരസ്പര ബഹുമാനത്തിലും, സഹകരണത്തിലും ജീവിക്കുമ്പോഴാണ് വിവാഹ ജീവിതവും കുടുംബജീവിതവും അർത്ഥവത്തും പ്രയോജനപ്രദവും ആകുന്നത്. ഇത് വളരെ സാവധാനമുണ്ടായ പരിവർത്തനങ്ങളാണ്. ഇപ്രകാരം വിവാഹം, കുടുംബജീവിതം എന്നിവയിൽ വന്ന മാറ്റങ്ങൾ ഉൾകൊള്ളാനും, തങ്ങളുടെ ശരിയായ കടമകളെയും അവകാശങ്ങളെയും സംരക്ഷിക്കുവാനുള്ള അറിവോ, പ്രായോഗിക ബുദ്ധിയോ തങ്ങളുടെ കുട്ടികൾക്ക് പകർന്നു നല്കാനും പലപ്പോഴും മുതിർന്നവർക്ക് കഴിയാതെ പോയി.

അന്ന് ജീവിതം യാഥാർഥ്യത്തിലും, സ്ഥിരോത്സാഹത്തിലും, പ്രത്യാശയിലും ആയിരുന്നെകിൽ ഇന്ന് അത് സ്വപ്നങ്ങളിലും, മോട്ടിവേഷണനിലും, നേട്ടങ്ങളിലും അധിഷ്ഠിതമാണ്. ജീവിതശുദ്ധിയിൽ നിന്നും വിഷയസുഖങ്ങളിലേക്കു ഇന്നിന്റെ ശ്രദ്ധ മാറിയിരിക്കുന്നു. അന്നത്തെ 'നമ്മൾ, നമ്മുടെ' എന്ന മനോഭാവത്തിൽ നിന്നും മാറി 'ഞാൻ, എന്റെ' എന്ന മനോഭാവമാണ് ഇന്ന് കൂടുതലും കാണാൻ കഴിയുക. അന്ന് പരോപകാരമേ പുണ്യം എന്ന് കരുതിയവരായിരുന്നു കൂടുതലും എന്നാലിന്ന് സ്വന്തം കാര്യം നേടുന്നതിന് മാത്രമായിട്ടാണ് പലരും പരോപകാരത്തെ കാണുന്നത്. നമ്മുടേതിൽ നിന്നും എന്റേതിലേക്കും , വലിയ കുടുംബത്തിൽ നിന്നും, മൈക്രോ കുടുംബത്തിലേക്കും മാറിയ ജീവിത പശ്ചാത്തലത്തിൽ അന്നത്തെ ജീവിതയാഥാർഥ്യങ്ങളെ കണ്ടറിഞ്ഞു വളർന്നവർ തന്നെ മക്കളെ ജീവിത യാഥാർഥ്യങ്ങളെയും, ബുദ്ധിമുട്ടുകളെയും കാണിക്കാതെയും, പ്രയോഗികാനുഭവങ്ങൾ പകർന്നു കൊടുക്കാതെയും നിങ്ങൾ വളർത്തുമ്പോൾ ജീവിതത്തിലേക്ക് ഒറ്റയ്ക്കു നടക്കുന്നുകയറുന്ന അവസരത്തിൽ അവർക്കു കാലിടറാനുള്ള സാധ്യത ഏറെയല്ലേ.

മാറ്റങ്ങൾ അനിവാര്യമാണ് എന്നാൽ മാറ്റങ്ങൾക്കനുസരിച്ചു മനോഹരമായി ജീവിക്കാനുള്ള അറിവുകളും, തിരിച്ചറിവുകളും ഒഴിച്ചുകൂടാനാവാത്തവയാണ്. പെൺകുട്ടികളെ താൻപോരിമക്കാരായി വളർത്തുമ്പോൾ ആൺകുട്ടികളെയും അപ്രകാരമുള്ള മാറ്റം ഉൾകൊള്ളാനും, ഭാര്യയെ ഒരു വിധേയവ്യക്തിയായി കാണാതെ അവളും കുടുംബം കെട്ടിപ്പടുക്കാൻ തുല്യമായ രീതിയിൽ പ്രയത്നിക്കുന്ന വ്യക്തിയായി കണ്ടുകൊണ്ടു അവളെ ബഹുമാനിക്കാനും, അവസരോചിതമായി പെരുമാറാനും പഠിപ്പിക്കേണ്ടതും അത്യന്തം അനിവാര്യമായ കാര്യമാണ്. അതുപോലെതന്നെ തങ്ങൾക്കു കിട്ടിയ സ്വാതന്ത്ര്യവും, താൻപോരിമയും ഭർത്താക്കന്മാരുമായി മത്സരിക്കാനും മേൽക്കോയ്മ സ്ഥാപിക്കാനുള്ളതല്ലെന്നും, മറിച്ച് അഭിമാനത്തോടെ, പരസ്പര സഹകരണത്തിൽ ജീവിക്കാനുള്ളതാണെന്നും സ്ത്രീകൾ മനസിലാക്കുകയും വേണം. പരസ്പര ബഹുമാനമാണ് ഏതു ബന്ധത്തിലും വേണ്ടത്. മാറ്റങ്ങളെ ഉൾകൊണ്ടുകൊണ്ട് ജീവിക്കുമ്പോൾ വിവാഹജീവിതത്തിൽ മാത്രമല്ല ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിജയകരമായി ജീവിക്കാൻ നമ്മുക്ക് സാധിക്കും.

www.morningnewsdaily.org